## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1241 — 06.03.2018- ൽ മറുപടിയ്ക്ക്

## ജൈവപച്ചക്കറികളിലും പഴവർഗ്ഗങ്ങളിലും കീടനാശിനികളുടെ സാന്നിദ്ധ്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ.കെ.ബാബു<br>ശ്രീ.പി.വി. അൻവർ<br>ശ്രീ.യു.ആർ.പ്രദീപ് | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ജൈവ പച്ചക്കറി കളിലും പഴവർഗ്ഗങ്ങളിലും കീടനാശിനി കളുടെ സാന്നിദ്ധ്യം ക്രമാതീതമായ അളവിൽ കണ്ടെത്തിയതായുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) ജൈവ വിളകൾ എന്ന പേരിൽ സംസ്ഥാനത്ത് വിൽക്കപ്പെടുന്നവയിൽ കീടനാശിനികളുടെ അംശം വ്യാപകമായി ഉണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജൈവകൃഷി പദ്ധതി യുടെ ഭാഗമായി "സേഫ് റ്റു ഈറ്റ് " എന്ന പ്രത്യേക ഘടകം ഉൾപ്പെടുത്തി വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട പരിശോധന ലാബിൽ പച്ചക്കറി മാർക്കറ്റുകൾ , ഇക്കോഷോപ്പുകൾ, കൃഷിയിടങ്ങൾ എന്നിവിടങ്ങളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ഫലം പരസ്യപ്പെടുത്തുന്നുണ്ട്. കേരള സർക്കാ രിന്റെ ഔദ്യോഗിക വെബ്പോർട്ടൽ www.kerala.gov.in - ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെ വെബ്സൈറ്റുകളിലും പരിശോധനഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. |

ഇപ്രകാരം ജനങ്ങളിൽ വിഷയം സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്ന തോടൊപ്പം നിയന്ത്രണവും ഒരു പരിധി വരെ സാധ്യമാകുന്നുണ്ട്. മൂന്നു മാസത്തി ലൊരിക്കൽ ഇപ്രകാരം പരിശോധനാഫലം പ്രസിദ്ധീകരിക്കുന്നുണ്ട്.

(സി) ഓർഗാനിക് പെസ്റ്റിസൈഡ്സ് എന്ന പേരിൽ വിൽപ്പന നടത്തുന്ന കീടനാശിനികളിലും വളങ്ങളിലും രാസ വസ്തുക്കൾ അടങ്ങിയിട്ടുണ്ടോ എന്ന് അറിയുന്നതിന് നിലവിൽ എന്തെല്ലാം പരിശോധനാ മാർഗ്ഗങ്ങളാണ് സ്വീകരിച്ചു വരുന്നത്;

(സി) കേന്ദ്ര സർക്കാരിന്റെ ഫെർട്ടിലൈസർ കൺട്രോൾ ഓഡർ 1985 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ജൈവ വളങ്ങളുടെയും ഇൻസെക്ടിസൈഡ് ആക്ട് 1968 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ജൈവ കീടനാശിനി കളുടെ ഗുണനിലവാരം നിർണ്ണയിക്കു ന്നതിനുള്ള ചുമതല സംസ്ഥാന കൃഷി വകുപ്പിനാണ്. എന്നാൽ ഇതിനായി സംസ്ഥാന ലബോറട്ടറി സംവിധാനം മറ്റു സംസ്ഥാനങ്ങളിലെ ലബോറട്ടറികളെ യാണ് ആശ്രയിച്ചു വന്നിരുന്നത്. എന്നാൽ ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള അംഗീകൃത ജൈവ വളങ്ങളുടെയും ജൈവ കീടനാശിനി കളുടെയും പരിമിതമായ സാമ്പിളുകൾ മാത്രമാണ് ഈ വിധത്തിൽ ഇപ്പോൾ പരിശോധിച്ചു വരുന്നത്. എന്നാൽ ജൈവ വളങ്ങൾ / ജൈവ കീടനാശി നികൾ എന്ന പേരിൽ ലൈസൻസില്ലാതെ വിറ്റഴി ക്കപ്പെടുന്ന ഉല്പന്നങ്ങളിൽ രാസവസ്തുക്കൾ അടങ്ങിയിട്ടില്ലെന്നും ഉറപ്പാക്കേണ്ടതാണ്. ഇതിനായി സമഗ്രമായ ഒരു പദ്ധതി കൃഷി വകുപ്പ് ആവിഷ്കരിച്ചുവരുന്നു. ഇതിന്റെ ഭാഗമായ 2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വിപണിയിൽ ലഭ്യമായ ജൈവ കീടനാശിനി ഉല്പന്ന ങ്ങളുടെ സാമ്പിളുകൾ കേന്ദ്ര സർക്കാരിനു കീഴിൽ ഹൈദ്രബാദിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റ് ലബോറട്ടറിയിൽ പരിശോധി ക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടി ട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിൽ ഒരു ബയോ ഫർട്ടിലൈസർ ആന്റ് ഓർഗനിക് മാന്വർ ക്വാളിറ്റി കൺട്രോൾ ലാബ് എന്ന പേരിൽ ഒരു ജൈവവള ഗുണനിലവാര പരിശോധനാ ലാബ് ആരംഭിക്കുന്നതിനും,

ടി ആവശ്യത്തിനായി തിരുവനന്തപുരത്തും തൃശ്ശൂരും ഓരോ ലബോറട്ടറികളും പുതുതായി സ്ഥാപിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

| | |
|---|---|
| (ഡി) കൃഷി വകുപ്പിന്റെ സർട്ടിഫിക്കറ്റ് ലഭിക്കാത്ത ഉത്പന്നങ്ങൾ ജൈവ ഉത്പന്നങ്ങൾ എന്ന പേരിൽ വിൽക്കാൻ പാടില്ലെന്ന ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) ഈ വിഷയത്തിൽ നടപടി സ്വീകരിക്കുന്നതിന് കൃഷി വകുപ്പിനെ അധികാരപ്പെടുത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**